# അമ്പാടിയിലേക്ക് വീണ്ടും

## ബിനുകുമാർ ഇളമാട്

കൃഷ്ണഗാഥയിലെ ഒരു സന്ദർഭമാണ് 'അമ്പാടിയിലേക്കു വീണ്ടും' എന്ന കവിതയ്ക്ക് വിഷയം. കവിതന്നെ പറയുന്നു. "കൃഷ്ണപ്പാട്ടിലെ രാസക്രീഡ വായിച്ചുതീർന്നപ്പോൾ, താദൃശമായ മററൊരു രംഗം, ദുഃഖപര്യവസായിയായേ പററൂവെന്ന് തോന്നി. അതിന്റെ ഫലമാണീ കവിത." ദ്വാരകയിലെ രാജാവായ കൃഷ്ണൻ അമ്പാടിയിലേക്ക് മടങ്ങിയെത്തുന്നതാണ് സന്ദർഭം. സൂതനായ ദാരുകൻ ബലരാമന്റെ നിർദേശപ്രകാരം അമ്പാടിയിലേക്ക് തേർതെളിക്കുമ്പോൾ, അയാൾക്കുണ്ടാകുന്ന മനോവ്യാപാരങ്ങളും അതിന്റെ പ്രത്യക്ഷപ്രതികരണമെന്നോണം, കൃഷ്ണനെ കാത്തിരുന്നു മുഷിഞ്ഞ ഗോപികമാരുടെ വിരഹതാപത്തിന്റെ വിലോലസ്മൃതികളുമാണ് ഈ കവിതയുടെ ഉള്ളടക്കം. ഇടശ്ശേരിക്കവിതയിൽ പ്രസ്തുത പ്രമേയത്തെ രണ്ടു ഘട്ടങ്ങൾ (ആഖ്യാനങ്ങൾ എന്നും വായിക്കാം) ആയി വിഭജിക്കുകയും തികച്ചും വ്യത്യസ്തമായ രണ്ടു മനോവ്യാപാരങ്ങൾ അവതരിപ്പിക്കുകയുമാണ് ചെയ്യുന്നത്. ദാരുകന്റെ സ്വഗതത്തിലാകട്ടെ, കവി ഇടയ്ക്കൊക്കെ പ്രത്യക്ഷത്തിൽത്തന്നെ ഇടപെട്ടു പോകുന്നുമുണ്ട്. ജീവിതത്തെക്കുറിച്ച് തനിക്കുള്ള നിലപാടുകളും ദർശനങ്ങളും നിരീക്ഷണങ്ങളും ദാരുകനിലൂടെ അവതരിപ്പിക്കുന്ന ആദ്യ ആഖ്യാനത്തിനുശേഷം, ഗോപികമാരുടെ സ്വഗതത്തിലൂടെ, പ്രണയ ലോലുപതയുടെ സർവാഡംബരങ്ങളും കൃഷ്ണപ്രേമത്തിന്റെ വിലോലമായ സൗന്ദര്യവും പ്രത്യക്ഷവത്കരിച്ചിരിക്കുന്നു. –അതാകട്ടെ, വിഭിന്നമായൊരു മനോവ്യാപാരത്തിന്റെ പശ്ചാത്തലത്തിലും. ഇവിടെ നായകനാകുന്നത്, കൃഷ്ണകഥയുടെ പിന്നാമ്പുറങ്ങളിലെവിടെയോ അവ്യക്തമായൊരു നിഴൽപ്പുള്ളുപോലെ വന്നുമാഞ്ഞുപോയ ദാരുകനാണ്.

വീണ്ടും അമ്പാടിയിലേക്കുള്ള കൃഷ്ണന്റെ (ദാരുകന്റെയും) ആഗമനം തന്നെ കഥാപാത്രങ്ങളിൽ വിരുദ്ധവികാരങ്ങളാണ് ഉണർത്തുന്നത്. ഒരാൾക്ക് (ദാരുകന്) അമ്പാടിയിലേക്കുള്ള വരവ് നഗരത്തിൽനിന്നുള്ള രക്ഷപ്പെടലും കണ്ണന്റെ കൗമാരക്കാഴ്ചകളുടെ ഉത്സവഭാവനയുമാണെങ്കിൽ മററുള്ളവർക്ക് (ഗോപികമാർക്ക്) അത് കണ്ണനെക്കാണായ്കയുടെ വിലാപമാണ്. പക്ഷേ, ദാരുകന്റെ വാക്കുകൾക്കിടയിൽ കയറിനിന്ന് കവി,

'അവന്റെ തേരിലിരിപ്പുണ്ടല്ലോ
ആനായർകുല നിക്ഷേപം
ആർതൻ ഭ്രുകുടീ വിക്ഷേപം
പ്രപഞ്ചകഥതൻ സംക്ഷേപം'

എന്ന് വർണിക്കുന്നിടത്ത്, 'വ്രജത്തിന്റെ സമ്പത്തായ' കൃഷ്ണന്റെ ഗോപീജനസാമിപ്യവും വിയോഗവും വ്യഥയും പുനസ്സമാഗമവുമൊക്കെ, വെറുമൊരു കാഴ്ചക്കാരന്റെ മട്ടിൽ കവി കണ്ടുനിൽക്കുകയല്ല എന്നും നമ്മെ ബോധ്യപ്പെടുത്തുന്നു.

**ആഖ്യാനതന്ത്രം**

നാടകീയസ്വഗതാഖ്യാനം ഇടശ്ശേരിയുടെ അപൂർവമായ രചനാരീതിയല്ല. 'വിവാഹസമ്മാനം', 'ബിംബിസാരന്റെ ഇടയൻ', 'ചൂരലിനു മുമ്പിൽ' എന്നിങ്ങനെ ഒട്ടേറെ കവിതകളിൽ കവി ഈ ആഖ്യാനരീതി പരീക്ഷിച്ചിട്ടുണ്ട്. കവിതയെ, കഥാപാത്രത്തെ, കാവ്യപ്രതീകങ്ങളെ, സ്വകീയമായ അനുഭൂതിയോടെ ഉൾക്കൊള്ളാനും അങ്ങനെ കവിതയുടെ വിചാരഗതിക്കൊപ്പം സ്വയം അഭിരമിക്കാനും ഇത്തരം സങ്കേതങ്ങൾ പ്രയോജനപ്പെടുന്നുവെന്നും ഓർക്കേണ്ടതാണ്.

'അമ്പാടിയിലേക്ക് വീണ്ടും' എന്ന കവിതയെ ഇരട്ട ചിത്തവൃത്തിയുടെ പ്രത്യക്ഷവൽക്കരണമെന്ന നിലയ്ക്കാണ് സമീപിക്കേണ്ടത്. ഇവിടെ കവി ദാരുകനിലൂടെ ഗോപികമാരുടെ വിരഹവേദനയ്ക്ക് പശ്ചാത്തലമൊരുക്കുന്നു. ഇതര ഘട്ടത്തിലാകട്ടെ, വിഭിന്നരെങ്കിലും കൃഷ്ണപ്രണയത്തിന്റെ കാര്യത്തിൽ ഒരേ ചിത്തവൃത്തിക്കാരായ ഗോപികമാരുടെ ഹൃദയവിലാപം ആവിഷ്കരിക്കുകയും ചെയ്യുന്നു. പ്രത്യക്ഷത്തിലുള്ള ശ്രോതൃസാന്നിധ്യം ഇവിടെയില്ല, അഥവാ ഉണ്ടെങ്കിൽ ദാരുകന്റെ ശ്രോതാക്കൾ ഗോപികമാരും ഗോപികമാരുടെ ശ്രോതാവ് കൃഷ്ണനുമാണ്. തന്റെ തേരിലിരിക്കുന്ന 'കാർവണ്ടി'ന്റെ മനോഗതികളെ മൗനംകൊണ്ടു മറയ്ക്കുകയാണ് ദാരുകൻ (കവി) ചെയ്യുന്നത്. ദാരുകൻ ആഖ്യാതാവാകുന്നത് കവിക്ക് (വായനക്കാരനും) ഭാവനയുടെ പുതിയൊരു മാനം നൽകുകയാണ് ചെയ്യുന്നത്. നാടകീയസ്വഗതാഖ്യാനങ്ങളുടെ രീതിയാണത്. വക്താവിന്റെ മനസ്സ് മലർക്കെ തുറക്കുകയും, നാം അയാളുടെ മനസ്സിലൂടെ എല്ലാം കാണുകയും അയാളുമായി താദാത്മ്യം പ്രാപിക്കുകയും ചെയ്യുന്നു. കഥാപാത്രം തന്നെയാണ് ഇവിടെ കവിത.

**പ്രമേയം**

അമ്പാടിയിൽനിന്നും കൃഷ്ണനെ പണ്ട് ദ്വാരകയിലേക്ക് കൂട്ടിക്കൊണ്ടുപോയ അക്രൂരന്റെ മനോഭാവത്തിൽനിന്നും ഏറെയൊന്നും വിഭിന്നമല്ല, ഈ 'ദാരുക'ന്റേതും. പക്ഷേ, ഇപ്പോൾ, ഒരു മടങ്ങിവരവ് (അതുണ്ടാവാതെ തരമില്ലല്ലോ?) ഭാവന ചെയ്യാനും അതിൽ വൈകാരികതയുടെ സമസ്തസൗന്ദര്യവും പൊലിപ്പിച്ചുനിർത്താനും അനുരാഗവിരഹങ്ങളുടെ കൗതുകവും പരിഭവവുമൊക്കെ തൊടുത്തു നിർത്താനും തക്കവണ്ണമുള്ള ഒരു ആഖ്യാനശൈലി കണ്ടെത്താൻ ഇടശ്ശേരിക്ക് കഴിഞ്ഞിരിക്കുന്നു.

മടുപ്പനായ കൊട്ടാരത്തിന്റെ സുഖധാരാളിത്തത്തിൽനിന്നും കണ്ണീരുപ്പുപുരണ്ട ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് കവി സ്വയമേവ തേരോടിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഒരിക്കലും വിശപ്പേൽപ്പിക്കാത്ത വിശേഷവിഭവങ്ങളും വിയോഗമെന്തെന്നറിയാത്ത പ്രണയവും ചോരപൊടിയാതെ കിട്ടുന്ന വിജയങ്ങളും എതിരാളിക്കായി ആശംസിക്കുന്ന കരുത്തിന്റെ പ്രസ്താവങ്ങൾക്ക് ഇടശ്ശേരിയുടെ സാമൂഹ്യബോധം തന്നെയാണ് സാക്ഷ്യം പറയുന്നത്.

ഗോപികമാരുടെ വാക്കുകളിലെ വിരുദ്ധോക്തിയുടെ ഭാവംതന്നെ അവരുടെ പ്രണയത്തിന് തെളിവാണ്. തങ്ങൾ കൃഷ്ണന്റെ അമ്മമാരും അരിയ സോദരിമാരും അച്ഛിമാരുമല്ല എന്നിടത്തും കൃഷ്ണൻ 'ഞങ്ങളെ അറിയില്ല' എന്ന് ആവർത്തിക്കുന്നിടത്തും വിരുദ്ധോക്തിയുടെ മനോഗതി കുറേക്കൂടി വ്യക്തമാവുകയാണ് ചെയ്യുന്നത്.

'കൃഷ്ണ, മുന്നേപ്പോലെ നീയീ-
ക്കാളിന്ദീതട വിടപത്തിൽ
പ്രഭാതകിരണപ്പൂക്കൾ വിരിച്ചൊരു
കൊമ്പിലിരുന്നിക്കുളിർ കാററിൽ
ഭ്രൂകുടിതാള ലയാന്വിതമാമൊരു
ഗാനം പാടുക വേണുവിൽ'

എന്ന അഭ്യർഥനയ്ക്കൊടുവിൽ വികാരപരവശമായ പ്രണയാതുരതയുടെ വാഗർഥങ്ങളാണ് തെളിയുന്നത്. തങ്ങളുടെ ചേതനയെത്തന്നെ വാരിയെടുത്തുകൊള്ളാനും ഓടക്കുഴൽ വിളിയാലെ തങ്ങളെ മൂടാനും അവർ കണ്ണനെ ക്ഷണിക്കുന്നു. മുമ്പ്, കാളിന്ദിയിൽ നീരാടൻ പോയതും കാട്ടിലെ പച്ചപ്പുപോലും തങ്ങൾക്ക് അഭിമതചേലകളായിത്തീർന്നതും അവയെക്കുറിച്ചുള്ള മധുരസ്മരണകളും ഈ അലൗകികപ്രണയത്തിന്റെ തീവ്രതയെ വെളിപ്പെടുത്തുന്നു. ഒരു പടികൂടിക്കടന്ന്, മഹർഷിമാരോട് ധർമശാസ്ത്രക്കുറിമാനം നിർത്താനും പ്രപഞ്ചധർമം മററൊന്നാക്കാനും ഗോപികമാർ കേഴുന്നുമുണ്ട്!

കാവ്യഭാവനയുടെ വിശാലമായ പ്രപഞ്ചവും ഇവിടെ ദൃശ്യമാകുന്നുണ്ട്.

'....ശാദ്വലമേ, നീ നേടിയ-
താരിൽ നിന്നീ നീലിമയെ?' എന്നും
'തേരേ നീ നിലനിന്നാലും
ഗോപികാഹൃദയാന്തർ വേദിയില-
ക്രൂരന്റെ രഥം പോലെ'

എന്നും മററുമുള്ള പ്രസ്താവങ്ങളിലെ വ്യതിരിക്തമായ കാവ്യഭാവനയും നാം കാണേണ്ടതുണ്ട്. കവി ആമുഖമായി പറയുന്നതുപോലെ, അമ്പാടിയിലെ ഗോപികാകൃഷ്ണന്മാരുടെ രാസക്രീഡയുടെ മറുപുറമായ വിരഹാതുരതയുടെ വിലാപം കൂടിയാണിത്.

പ്രമേയത്തിലെന്നപോലെ കാവ്യഭാഷയിലും വിഷയാനുസാരിയായ ഒരു നിമ്നോന്നതിയിലൂടെയാണ് കാവ്യരഥം പ്രയാണം ചെയ്യുന്നത്. ശബ്ദം, അർഥം, ധ്വനി, തുടർന്നുണ്ടാകുന്ന വൈകാരിക പ്രപഞ്ചം- ഇതാണ് ഇടശ്ശേരിയുടെ കാവ്യപദ്ധതി. അദ്ദേഹത്തിന് കവിതയെന്നത് 'ജീവിതത്തോട് പോരടിക്കുന്നവർക്ക് വാളും, മുറിവേററ് തിരികെ എത്തുന്നവർക്ക് അമൃത ബിന്ദുവുമാണ്. അതിന് നാടകത്തിന്റെ പ്രകടനപരതയോ നോവലിന്റെ വാചാലതയോ...' ഉണ്ടാവണമെന്നില്ല. (കുങ്കുമപ്രഭാതത്തിന്റെ ആമുഖം)

ഈ 'കരിമ്പുകൃഷിക്കാരൻ' വൃത്തബദ്ധമായ കാവ്യബോധത്തിന്റെ പരിമിതികളെ നിരന്തരം ലംഘിക്കാൻ ശ്രമിച്ചിരുന്നു.

'പായുക പായുക കുതിരകളേ
പരമാത്മാവിൻ തേരിതിനെ'

എന്ന തുടക്കത്തിൽത്തന്നെ അനന്വിതത്തിന്റെ ദോഷം കണ്ടെത്തി, ചില ഭാഷാശുദ്ധിക്കാർ, കവിയെത്തന്നെ തിരുത്താൻ യത്നിച്ചെന്നുവരാം. വ്രജം, അത്യാസന്നോദയ വികാരവിപ്ലവദൃശ്യം, ഹ

ദമഥനോത്ഥിതസൗന്ദര്യം. ആർതൻ ഭ്രുകുടീ വിക്ഷേപം, സൗരഭമുദ്വേലം എന്നിങ്ങനെ ഒട്ടേറെ പദസംഘാതങ്ങളുടെ നിമ്നോന്നതികളിലൂടെയാണ് ഈ തേർ തെളിക്കപ്പെടുന്നത്. കാവ്യസന്ദർഭവും കഥാപാത്രങ്ങളുടെ വിചാരഗതികളും, മിക്കപ്പോഴും പരുക്കനായ അന്തരീക്ഷവും, കവി സ്വയമേവ ഗ്രാമീണനെന്ന പശ്ചാത്തലവും വൃത്തപാലനവ്രതമില്ലായ്മയുമൊക്കെച്ചേർന്ന ശൈലിയാണ് ഇടശ്ശേരിയുടേത്.

“ശബ്ദങ്ങൾക്ക് കവിഹൃദയത്തിൽ കുടികൊള്ളുന്ന ജീവിത പ്രതീതിസാരത്തെ ബഹിർഗമിപ്പിക്കാൻ ശക്തിയുണ്ടാകണമെന്നു പറയുമ്പോൾ, കവിയുടെ ജീവിതപ്രതീതികൾക്കും അവയുടെ സമന്വയത്തിനുമുള്ള പ്രതിഫലനങ്ങളായി കവിതയിൽ കാണുന്ന കഥാപാത്രങ്ങളോടും അവയുടെ പശ്ചാത്തലങ്ങളോടും ജീവിതസന്ദർഭങ്ങളോടും ചിത്തവൃത്തികളോടും ശബ്ദങ്ങൾക്ക് പരമാവധി പൊരുത്തമുണ്ടായിരിക്കണമെന്നർഥം” (പ്രൊഫ. എൻ. കൃഷ്ണപിള്ള, ഭാഷാസാഹിതി, 1977 ജനുവരി–മാർച്ച്) എന്നത് ഇടശ്ശേരിക്കവിതയ്ക്കൊരു പിൻകുറിപ്പായിക്കരുതാം.

‘വ്രജത്തിലോളം നീ പോണം’ എന്ന രാമാജ്ഞയുടെ മൃദുലതയും ‘ശാദ്വലമേ നീ നേടിയതാരിൽ നിന്നീ നീലിമയെ’ എന്ന ചോദ്യത്തിന്റെ നിഷ്കളങ്കതയും ‘കരിവണ്ടെന്നുടെ രഥമേറി’ എന്ന കൽപ്പനയിലെ നിഗൂഢതയും, രാവിന്റെ ഛായയും കാളിന്ദീ ജലത്തിന്റെ കാളിമയും കാട്ടിലെ പച്ചപ്പും തങ്ങൾക്ക് അഭിമത ചേലകളായിരുന്നെന്ന ഓർമയിലെ ലൈംഗികതയും തങ്ങളുടെ ചേതനയെ വാരിയെടുത്തു കൊള്ളുക എന്ന പ്രാർഥനയിലെ സമർപ്പണവും അവതരിപ്പിക്കുമ്പോൾ കവി, വിത്തു വിതയ്ക്കുന്ന സൂക്ഷ്മതയോടെയാണ് പദങ്ങൾ നിരത്തിയിരിക്കുന്നത്. ഇടശ്ശേരിയുടെ വാക്കുകൾക്ക് ചിലപ്പോൾ പ്രാദേശികതയുടെ പരിമിതികൾ ഉണ്ടാകാമെങ്കിലും, ആസ്വാദനത്തിന്റെ വിപുലമായൊരു തണൽവട്ടത്തിലേക്കാണ് ആ വിത്തുകൾ മുളപൊട്ടുന്നതെന്നും ഓർക്കണം.